08-01-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 08/01/2022

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ വാഴകൃഷി, പാഷൻഫ്രൂട്ട് കൃഷി, പന്തലിൽ ചെയ്യുന്നതും പന്തൽ കൂടാതെ ചെയ്യുന്നതുമായ പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി എന്നിവയ്ക്കും ചെറുകിട നഴ്സറി, ചെറുകിട കൂണുൽപ്പാദന യൂണിറ്റ്, ഹൈടെക്ക് പാൽക്കൂൺ ഉൽപ്പാദന യൂണിറ്റ്, കൂൺ-സംസ്കരണവും മൂല്യവർദ്ധിത യൂണിറ്റും, ചെറുകിട കൂൺ വിത്തുൽപ്പാദന യൂണിറ്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻഫ്രൂട്ട്, മാംഗോസ്റ്റിൻ, ഹൈബ്രിഡ് പച്ചക്കറി കൃഷി എന്നിവയ്ക്കും കൂടാതെ പ്രൈമറി മിനിമൽ പ്രോസസ്സിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേംബർ, ഇന്റഗ്രേറ്റഡ് പാക്ക്ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താത്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകണമെന്ന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. ക്ഷീര വികസന വകുപ്പിന്റേയും പാമ്പാടി ക്ഷീര വികസനയൂണിറ്റിലെ ക്ഷീര സഹകരണ സംഘങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പാമ്പാടി ബ്ലോക്ക് ക്ഷീരകർഷകസംഗമവും ക്ഷീരവികസന വകുപ്പ് ധനസഹായത്തോടെ ളാക്കാട്ടൂർ ക്ഷീര സംഘം നിർമ്മിച്ച ഫാർമേഴ്സ് ഫെസിലേറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ ഉദ്ഘാടനവും ഈ മാസം 10-ന് (ജനുവരി 10നു) ളാക്കാട്ടൂർ ക്ഷീര സംഘത്തിന്റെ നേതൃത്വത്തിൽ കൂരോപ്പട ഗ്രാമപ്പഞ്ചായത്ത് തൊഴിൽ പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. എം എൽ എ. ഉമ്മൻ ചാണ്ടി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ ഉത്ഘാടനവും, എം പി തോമസ് ചാഴിക്കാടൻ മുഖ്യ പ്രഭാഷണവും നടത്തും. കന്നുകാലി പ്രദർശന മത്സരം, ഗവ്യജാലകം, പൊതുസമ്മേളനം, ക്ഷീര വികസന സെമിനാർ തുടങ്ങിയ വിവിധ പരിപാടികൾ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്നു.

3. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ ഈ മാസം 15 നു (ജനുവരി 15 നു) മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും **കോമാടൻ, WCT, TxD** എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT-110 രൂപ, TxD- 250 രൂപ, TxD പോളീ ബാഗ് തൈ-280 രൂപ എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383573, 9847910119** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ഇറച്ചി, മുട്ടക്കോഴികളുടെ ശാസ്ത്രീയ പരിപാലനം** എന്ന വിഷയത്തിൽ ഈ മാസം 11 മുതൽ 13 വരെ (ജനുവരി 11 മുതൽ 13) മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0479-2449268, 2959268, 9447790268** എന്ന നമ്പരുകളിൽ വിളിച്ച് ഈ മാസം 10-നു (ജനുവരി 10) മുമ്പേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഈ മാസം 10-ന് (ജനുവരി 10-ന്) രാവിലെ 10.30 മുതൽ **തേനീച്ചവളർത്തലിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ

7994650941 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 10,11 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ**, 17,18 തീയതികളിൽ **ആട് വളർത്തൽ**, 24-ന് **കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0479-2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **14-ന് പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനവും 19,20 **തീയതികളിൽ പശുവളർത്തൽ**, 27,28 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ് റൂം** പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

9. മഴക്കാലത്തും മഞ്ഞുകാലത്തും വ്യാപകമായി **ചീരയിൽ** കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടു കൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച് ചാണകം മണ്ണിൽ ചേർത്ത് കൊടുക്കുക. 40 ഗ്രാം പാൽക്കായം, 8 ഗ്രാം അപ്പക്കാരം, 32 ഗ്രാം മഞ്ഞൾപൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.